# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2366 — 18.06.2014 ൽ മറുപടിക്ക്

## കൊരട്ടി തിരുമുടിക്കുന്നിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കായി പരിശീലന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊരട്ടി തിരുമുടിക്കുന്നിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി വക സ്ഥലത്ത് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഈ പദ്ധതിയിൽ എന്തെല്ലാമാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നറിയിക്കുമോ ; | (എ) കൊരട്ടി തിരുമുടിക്കുന്നിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി വക സ്ഥലത്ത് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കായി ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥലത്ത് നഴ്സിംഗ് സ്ക്കൂൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (ബി) കൊരട്ടി ത്വക്ക് രോഗാശുപത്രിയുമായി ബന്ധപ്പെടുത്തി നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടായിരുന്നു എങ്കിലും പ്രസ്തുത ആശുപത്രി നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് യോഗ്യമല്ല എന്ന റിപ്പോർട്ട് കേരളാ നഴ്സസ് & മിഡ് വൈഫ്സ് കൗൺസിൽ നല്കിയതിനാൽ പ്രസ്തുത പദ്ധതിയിന്മേൽ സർക്കാർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല . |
| (സി) നിലവിൽ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ പഴയതും, ജീർണിച്ചതുമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗങ്ങളും ഒരു കെട്ടിടസമുച്ചയത്തിൻ കീഴിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | (സി) കൊരട്ടി ത്വക്ക് രോഗാശുപത്രിയ്ക്കായി പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ